എ.ആർ.ക്യാമ്പിൽ നിന്നും സിവിൽ പോലീസ് ഓഫീസർമാരെ ലോക്കൽ സ്റ്റേഷനിലേക്ക് മാറ്റി നിയമിക്കൽ

197 (6346) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പോലീസ് സേനയിൽ കഴിഞ്ഞ മൂന്ന് വർഷമായി ധാരാളം ഉദ്യോഗസ്ഥർ വിരമിച്ചുവെങ്കിലും, ആയതിന് ആനുപാതികമായി സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് പോലീസ് ഉദ്യോഗസ്ഥരെ കൊല്ലം എ. ആർ. ക്യാമ്പിൽനിന്നും, കൊല്ലം സിറ്റി ലോക്കലിലേക്ക് മാറ്റി നിയമിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത സ്ഥലംമാറ്റങ്ങളുടെ തുടർച്ചയായി കെ.എ.പി. മൂന്നാം ബറ്റാലിയനിൽനിന്നും ഉദ്യോഗസ്ഥരെ കൊല്ലം എ. ആർ. ക്യാമ്പിലേക്ക് മാറ്റിയിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ ;

(സി) സ്ഥലംമാറ്റ കാര്യങ്ങളിൽ പാലിക്കേണ്ട അടിസ്ഥാനതത്വങ്ങൾ പിൻതുടരുന്ന കാര്യം ഉറപ്പുവരുത്തുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഇല്ല. കൊല്ലം ജില്ലയിൽ ലോക്കൽ വിഭാഗത്തിലെ സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണം നിലവിൽ അധികമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്ഥലംമാറ്റ കാര്യങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന തത്വങ്ങൾ കൃത്യമായി പാലിക്കണമെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

ടാങ്കർ ലോറി അപകടങ്ങൾ

198 (6347) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടാങ്കർ അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ടാങ്കർ അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് എണ്ണ-വാതക കമ്പനികളിൽനിന്നും അർഹമായ നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം സിറ്റിയിലെ ട്രാഫിക് പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 17 ലോക്കൽ സ്റ്റേഷനുകളിലുമായി ഒഴിവുകളുള്ള തസ്തികകൾ

199 (6348) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം സിറ്റിയിലെ ട്രാഫിക് പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 17 ലോക്കൽ സ്റ്റേഷനുകളിലുമായി നിലവിൽ എത്ര ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നും ആയത് ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരാണെന്നും അറിയിക്കുമോ ;

(ബി) നിരവധി തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതുമൂലം നിലവിൽ ജോലി നോക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തേയും മാനസിക ആരോഗ്യത്തേയും പ്രസ്തുത നടപടി ബാധിക്കാമെന്ന കാര്യം പരിഗണിക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്നും ഇതു സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു :

തസ്തിക	ഒഴിവുകളുടെ എണ്ണം
എസ്.ഐ.	- 13
എ.എസ്.ഐ.	- 28
എസ്.സി.പി.ഒ.	- 19
ഡബ്ല്യു.എസ്.സി.പി.ഒ.	- 1

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly